## പതിനാലാം കേരള നിയമസഭ

## പത്താം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത നിയമസഭാ
ചോദ്യം നമ്പർ: 1409 | 06.03.2018-ൽ മറുപടി പറയേണ്ടത്

## <u>പഴയന്നൂർ ഗ്രാമപഞ്ചായത്തിലെ ഒഴിഞ്ഞുകിടക്കുന്ന തസ്തിക നികത്താൻ നടപടി</u>

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ. യു.ആർ.പ്രദീപ് | | ഡോ.കെ.റ്റി.ജലീൽ<br>(തദ്ദേശസ്വയം ഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി) | |
| (എ) | തൃശ്ശൂർ ജില്ലയിലെ പഴയന്നൂർ ഗ്രാമപഞ്ചായത്തിൽ നിലവിൽ എത്ര വാർഡുകൾ ഉണ്ട്; ഗ്രാമപഞ്ചായത്ത് പരിധി പ്രദേശത്തിന്റെ വിസ്തീർണ്ണം എത്ര എന്ന് പറയാമോ; | (എ) | തൃശ്ശൂർ ജില്ലയിലെ പഴയന്നൂർ ഗ്രാമപഞ്ചായത്തിൽ നിലവിൽ 22 വാർഡുകൾ ഉണ്ട്. ഗ്രാമപഞ്ചായത്തിന്റെ വിസ്തീർണ്ണം 59.03 ച.കി.മി. ആണ്. |
| (ബി) | 2017-18 സാമ്പത്തിക വർഷം എത്ര കോടി രൂപയുടെ പ്രവൃത്തികൾ ആണ് അംഗീകാരം ലഭിച്ച് പൂർത്തീകരിക്കാനുള്ളത്; | (ബി) | 2017-18 വർഷത്തെ പദ്ധതി അടങ്കൽ 12,41,06,679 രൂപയാണ്. നിലവിൽ 5,47,45,032 രൂപയുടെ പ്രവൃത്തി പൂർത്തീകരിച്ചിട്ടുണ്ട്. 6,93,61,647/- രൂപയുടെ പ്രവൃത്തി കൂടി ഇനിയും പൂർത്തീകരിക്കുവാനുണ്ട്. |
| (സി) | പഞ്ചായത്തിൽ നിലവിൽ അനുവദനീയമായ തസ്തികകൾ ഏതൊക്കെയാണ്; ഇതിൽ ഏതെല്ലാം തസ്തികകളിൽ ഒഴിവുകൾ നികത്താനുണ്ട്; | (സി) | പഴയന്നൂർ ഗ്രാമപഞ്ചായത്തിൽ അനുവദനീയമായ തസ്തികകളുടെ വിവരം ചുവടെ ചേർക്കുന്നു. |

| തസ്തിക | എണ്ണം |
|---|---|
| സെക്രട്ടറി | 1 |
| അസിസ്റ്റന്റ് സെക്രട്ടറി | 1 |
| ഹെഡ് ക്ലാർക്ക് | 1 |
| അക്കൗണ്ടന്റ് | 1 |
| സീനിയർ ക്ലാർക്ക് | 4 |
| ക്ലാർക്ക് | 3 |
| ഓഫീസ് അറ്റന്റന്റ് | 2 |
| പാർട്ട് ടൈം സ്വീപ്പർ | 1 |
| കാഷ്വൽ സ്വീപ്പർ | 1 |

മേൽ തസ്തികകളിൽ ഒന്നും തന്നെ ഒഴിവുകൾ നിലവിലില്ല.

| | | | |
|---|---|---|---|
| (ഡി) | ഭൂവിസ്തൃതി കൊണ്ടും, വാർഡുകളുടെ എണ്ണം കൊണ്ടും വലിയ പഞ്ചായത്തായ പഴയന്നൂർ ഗ്രാമപഞ്ചായത്തിലെ ഒഴിവുകൾ നികത്തുന്നതിന് സ്വീകരിച്ച നടപടികൾ എന്തൊക്കെയാണ്; വിശദാംശം വ്യക്തമാക്കുമോ? | (ഡി) | ബാധകമല്ല. |

സെക്ഷൻ ഓഫീസർ